ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM | പ്രധാനവാർത്തകൾ | DATE:27.07.2025

1. ശുഭാംശു ശുക്ല ഇന്ത്യയുടെ അഭിമാനമെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി; രാജ്യത്ത് ബഹിരാകാശ സ്റ്റാർട്ടപ്പുകളുടെ എണ്ണത്തിൽ നാല് മടങ്ങ് വർദ്ധന; കുട്ടികളിലെ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കാൻ ആഹ്വാനം.

2. ആത്മനിർഭർ ഭാരതത്തിന്റെ അടിത്തറയാണ് 'Vocal for Local' എന്നും പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങുന്നതും വിൽക്കുന്നതും കടമയായി കരുതി ജനങ്ങൾ ഏറ്റെടുക്കണമെന്ന് പ്രധാനമന്ത്രി.

3. സുശക്ത ഭാരതം കെട്ടിപ്പടുക്കുന്നതിൽ കായിക വിനോദങ്ങൾക്ക് സുപ്രധാനപങ്ക്; പതിനൊന്ന് വർഷം പൂർത്തിയാക്കുന്ന 'സ്വച്ഛ് ഭാരത് ദൗത്യം' ജനകീയ പ്രസ്ഥാനമായി മാറിയെന്നും മൻ കി ബാത്തിൽ പരാമർശം.

4. സംസ്ഥാനത്ത് മഴ തുടരുന്നു; 9 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

5. ഇംഗ്ലണ്ടിനെതിരായ മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ സമനിലയ്ക്കായി പൊരുതുന്നു.

&&&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്ത് (ഇൻട്രോ)

രാജ്യത്തെ സംസ്കാരിക, കായിക, ശാസ്ത്ര മേഖലകളിലെ അഭിമാനകരമായ സംരംഭങ്ങൾ പങ്കുവച്ചുകൊണ്ടാണ് മൻ കി ബാത്തിന്റെ 124 ആം പതിപ്പിന് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചത്. ശുഭാംശു ശുക്ലയുടെ ബഹിരാകാശ യാത്രയെക്കുറിച്ച് പ്രധാനമന്ത്രി പരാമർശിച്ചു.

(ബൈറ്റ്)

*****************

## മൻ കി ബാത്ത് - ഇൻസ്പെയർ (ഇൻട്രോ)

കുട്ടികളിലെ നൂതനാശയങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയായ INSPIRE-MANAK അഭിയാനെക്കുറിച്ചും ഓഗസ്റ്റ് 23 ലെ ദേശീയ ബഹിരാകാശ ദിനത്തെക്കുറിച്ചും പ്രധാനമന്ത്രി പരാമർശിച്ചു.

(വോയിസ്)

RNU TVPM

*INSPIRE -MANAK അഭിയാന്റെ ഭാഗമായി, ഓരോ സ്കൂളിൽ നിന്നും അഞ്ച് കുട്ടികളെ തെരഞ്ഞെടുക്കുന്നു. ഓരോ കുട്ടിയും ഒരു പുതിയ ആശയം അവതരിപ്പിക്കണം. ലക്ഷക്കണക്കിന് കുട്ടികൾ ഈ പദ്ധതിയിൽ പങ്കാളികളായിട്ടുണ്ട്. ചന്ദ്രയാൻ-3ന് ശേഷം, കുട്ടികളുടെ എണ്ണം ഇരട്ടിയായി വർദ്ധിച്ചു. രാജ്യത്ത് സ്പേസ് സ്റ്റാർട്ടപ്പുകൾ അതിവേഗം വളരുകയാണ്. അഞ്ച് വർഷം മുമ്പ്, 50-ൽ താഴെ ആയിരുന്ന സ്റ്റാർട്ടപ്പുകൾ ഇന്ന് 200-ലധികമായി വളർന്നിരിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾ ഇന്റർനാഷണൽ കെമിസ്ട്രി ഒളിമ്പ്യാഡിൽ മെഡലുകൾ കരസ്ഥമാക്കി ഭാരതത്തിന്റെ യശസ്സ് ഉയർത്തി. ഓസ്ട്രേലിയയിൽ നടന്ന ഇന്റർനാഷണൽ മാത്തമാറ്റിക്കൽ ഒളിമ്പ്യാഡിൽ നമ്മുടെ വിദ്യാർത്ഥികൾ 3 സ്വർണ്ണവും, 2*

*വെള്ളിയും, ഒരു വെങ്കലവും നേടി. അടുത്ത മാസം മുംബൈയിൽ നടക്കുന്ന ആസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ് ഒളിമ്പ്യാഡിൽ അറുപതിലധികം രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളും ശാസ്ത്രജ്ഞരും പങ്കെടുക്കുമെന്നും പ്രധാനമന്ത്രി അറിയിച്ചു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

******************

## മൻ കി ബാത്ത് - ഓഗസ്റ്റ് (ഇൻട്രോ)

സ്വാതന്ത്ര്യദിനം ഉൾപ്പെടെ ഓഗസ്റ്റ് മാസത്തിന് ഒട്ടേറെ പ്രത്യേകതകളുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. 1908 ഓഗസ്റ്റ് പതിനൊന്നിന് ബീഹാറിലെ മുസാഫർപൂരിൽ ഒരു പതിനെട്ട് വയസ്സുകാരൻ ഖുദിറാം ബോസ് തന്റെ രാജ്യസ്നേഹത്തിനുള്ള വിലയായി ജീവൻ ത്യജിച്ചു.

(ബൈറ്റ്)

ഓഗസ്റ്റ് ഒന്നാം തീയതി ലോകമാന്യ ബാല ഗംഗാധര തിലകിന്റെ പുണ്യതിഥിയാണ്. ഓഗസ്റ്റ് എട്ടാം തീയതിയാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ 'ക്വിറ്റ് ഇന്ത്യ പ്രസ്ഥാനം' ആരംഭിച്ചത്. ഓഗസ്റ്റ് പതിനാലാം തീയതി 'വിഭജന ഭീകരത സ്മരണദിനമായി' ആചരിക്കുന്നു.

******************

## മൻ കി ബാത്ത് - ടെക്സ്റ്റൈൽ (ഇൻട്രോ)

ആത്മനിർഭർ ഭാരതത്തിന്റെ അടിത്തറയാണ് 'Vocal for Local' എന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി. അതിവേഗം വളരുന്ന രാജ്യത്തെ തുണി വ്യവസായ മേഖല സ്വദേശി പ്രസ്ഥാനത്തിന് ഊർജ്ജം പകരുന്നുവെന്നും

PNU TVPM

വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

*1905 ഓഗസ്റ്റ് ഏഴാം തീയതി ആരംഭിച്ച സ്വദേശി പ്രസ്ഥാനം പ്രാദേശിക ഉൽപ്പന്നങ്ങൾക്ക്, പ്രത്യേകിച്ച് കൈത്തറിക്ക് പുതിയ ഊർജ്ജം നൽകി. ഈ സ്മരണയിൽ രാജ്യം എല്ലാ വർഷവും ഓഗസ്റ്റ് ഏഴാം തീയതി ദേശീയ കൈത്തറി ദിനം ആഘോഷിക്കുന്നു. സ്വാതന്ത്ര്യ സമരകാലത്ത് ഖാദി പകർന്ന അതേ ശക്തിയാണ് വികസിത ഭാരതമാകാൻ മുന്നോട്ട് പോകുമ്പോൾ രാജ്യത്തിന്റെ വസ്ത്ര വ്യവസായ മേഖല പകർന്നു നൽകുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഈ മേഖലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ രാജ്യത്തുടനീളമുള്ള ലക്ഷക്കണക്കിന് ആളുകൾ വിജയ കഥകൾ രചിച്ചു. സ്വന്തമായി നെയ്ത്ത് പൈഠണി സാരികൾ വിൽക്കുന്ന മഹാരാഷ്ട്രയിലെ പൈഠൺ ഗ്രാമത്തിലെ കവിത ധവളെ എന്ന സംരംഭക, സന്താളി സാരികൾക്ക് പുതിയ മുഖം നൽകിയ ഒഡീഷയിലെ മയൂർഭഞ്ചിലുള്ള ഗോത്ര വനിതകൾ, ബിഹാറിലെ നളന്ദയിൽ നിന്നുള്ള സംരംഭകൻ നവീൻ കുമാറിന്റെ നേട്ടം എന്നിവരെക്കുറിച്ച് പ്രധാനമന്ത്രി എടുത്തുപറഞ്ഞു. തുണി വ്യവസായ മേഖല ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യത്തിന്റെ ഉദാഹരണമാണെന്നും ഇത്തരത്തിലുള്ള പ്രാദേശിക ഉത്പന്നങ്ങൾ വാങ്ങാനും വിൽക്കാനും ദൃഢനിശ്ചയമെടുക്കേണ്ടത് നമ്മുടെ കടമയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി....*

******************

മൻ കി ബാത്ത് - ഝാർഖണ്ഡ് (ഇൻട്രോ)

RNU TVPM

മാവോയിസ്റ്റ് അക്രമങ്ങൾക്ക് കുപ്രസിദ്ധമായിരുന്ന ഝാർഖണ്ഡിലെ ഗുമ്ല ജില്ലയിലെ ഒരുദാഹരണം പ്രധാനമന്ത്രി പങ്കു വച്ചു. ഓംപ്രകാശ് സാഹു എന്ന് പേരുള്ള ഒരു യുവാവ് അക്രമത്തിന്റെ വഴി ഉപേക്ഷിച്ച് മത്സ്യകൃഷി തുടങ്ങി. കൂട്ടുകാരെയും ഇതിനായി പ്രേരിപ്പിച്ചു.

(ബൈറ്റ്)

*****************

## മൻ കിബാത്ത് - കായികം (ഇൻട്രോ)

സുശക്ത ഭാരതം കെട്ടിപ്പടുക്കുന്നതിൽ കായിക വിനോദങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും പ്രധാനമന്ത്രി നരേന്ദ്രമോദി മൻ കി ബാത്തിൽ വിശദീകരിച്ചു. രാജ്യത്തെ കായിക രംഗത്തെ സൂപ്പർ പവർ ആക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'ഖേലോ ഭാരത് നയം 2025' ന് വലിയ സ്വീകരണമാണ് ലഭിക്കുന്നതെന്നും ശ്രീ മോദി പറഞ്ഞു.

RNU TVPM

(വോയിസ്)

*രാജ്യത്തെ യുവജനങ്ങൾ സ്വന്തമായി നിർമ്മിച്ച റാക്കറ്റും ബാറ്റും ബോളും ഉപയോഗിച്ച് കളിക്കുമ്പോൾ, ആത്മനിർഭർ ദൗത്യത്തിന് വലിയ ശക്തി ലഭിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പ്രത്യാശ പ്രകടിപ്പിച്ചു. Olympics കഴിഞ്ഞാൽ ഏറ്റവും വലിയ കായിക മേളയായ World Police and Fire Games' ൽ അറുനൂറ് മെഡലുകൾ നേടി എഴുപത്തിയൊന്ന് രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മൂന്നാം സ്ഥാനത്തെത്തി ചരിത്രം രചിച്ചു. ഇതിനു കാരണക്കാരായ കളിക്കാർക്കും പരിശീലക സംഘത്തിനും പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു. ലോകമെമ്പാടുമുള്ള പോലീസ് ഉദ്യോഗസ്ഥർ, അഗ്നിശമന സേനാംഗങ്ങൾ, സുരക്ഷാ ഉദ്യോഗസ്ഥർ എന്നിവർ*

*പങ്കെടുക്കുന്ന കായികമേള ഇത്തവണ അമേരിക്കയിലാണ് നടന്നത്. 2029-ൽ ഇത് ഇന്ത്യയിൽ നടക്കുമെന്നും അദ്ദേഹം അറിയിച്ചു. കായികവിനോദങ്ങൾ രാജ്യത്തെ പൗരന്മാരിൽ ഒത്തൊരുമയും കായികക്ഷമതയും ആത്മവിശ്വാസവും വളർത്തിയെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

******************

## മൻ കി ബാത്ത് - സ്വച്ഛ് ഭാരത്

അടുത്ത് തന്നെ 'സ്വച്ഛ് ഭാരത് മിഷൻ' പതിനൊന്ന് വർഷം പൂർത്തിയാക്കും. ഇപ്പോൾ ഈ ദൗത്യം ഒരു ജനകീയ പ്രസ്ഥാനമായി മാറിയിരിക്കുന്നു. ഈ വർഷം രാജ്യത്തെ നാലായിരത്തി അഞ്ഞൂറിലധികം നഗരങ്ങളും ചെറുപട്ടണങ്ങളും ഇതിൽ ചേർന്നു. പതിനഞ്ച് കോടിയിലധികം ആളുകൾ ഇതിൽ പങ്കെടുത്തു. ഛത്തീസ്ഗഢിലെ ബിൽഹായിൽ മാലിന്യ സംസ്കാരണം ഏറ്റെടുത്ത വനിതകൾ നഗരത്തിന്റെ ചിത്രം തന്നെ മാറ്റിമറിച്ചതായും അദ്ദേഹം വ്യക്തമാക്കി.

PNUTVPM

******************

## മൻ കി ബാത്ത് സമാപനം

വരാനിരിക്കുന്ന നാഗപഞ്ചമി, രക്ഷാബന്ധൻ, ജന്മാഷ്ടമി ഉത്സവങ്ങളുടെ പരിസ്ഥിതി പ്രാധാന്യം ഓർമ്മിപ്പിച്ച പ്രധാനമന്ത്രി, ഉത്സവാശംസകൾ നേർന്ന് കൊണ്ടാണ് മൻ കി ബാത്തിന്റെ 124 ആം പതിപ്പ് ഉപസംഹരിച്ചത്.

******************

## അബ്ദുൾ കലാം - ചരമവാർഷികം

മുൻ രാഷ്ട്രപതിയും വിഖ്യാത ശാസ്ത്രജ്ഞനുമായ ഡോ എ പി ജെ അബ്ദുൽ കലാമിന്റെ ചരമവാർഷികദിനത്തിൽ പ്രധനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലിയർപ്പിച്ചു. വികസിതവും ശക്തവുമായ രാജ്യം കെട്ടിപ്പടുക്കുന്നതിന് സംഭാവന നൽകാൻ യുവാക്കൾക്ക് ഇന്ത്യയുടെ മിസൈൽ മാൻ ഡോ.അബ്ദുൽ കലാമിന്റെ ചിന്തകൾ പ്രചോദനമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ പറഞ്ഞു.

******************

## മഴ

സംസ്ഥാനത്ത് അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ഒഴികെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത. ശക്തമായ കാറ്റിനും സാധ്യത. മലയോരമേഖലകളിലും നദീതീരങ്ങളിലുമുള്ളവർ ജാഗ്രത പാലിക്കണം. കേരള – കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

PNU TVPM

******************

## വയനാട് - മഴ (ഇൻട്രോ)

വയനാട്ടിൽ അതിശക്തമായ മഴയും കാറ്റും തുടരുകയാണ്. മഴക്കെടുതികളുമായി ബന്ധപ്പെട്ട് ജില്ലയിൽ നിരവധി കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...**

(വോയിസ്)

******************

## ജ്ഞാനസഭ

ശിക്ഷാ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ രണ്ടു ദിവസത്തെ ജ്ഞാനസഭ ആരംഭിച്ചു. എറണാകുളം ഇടപ്പള്ളി അമൃത ആശുപത്രി അങ്കണത്തിൽ നടക്കുന്ന ജ്ഞാനസഭയിൽ RSS മേധാവി മോഹൻ ഭാഗവത്, രാജ്യത്തെ 200 സർവകലാശാലകളുടെ വൈസ് ചാൻസലർമാർ, വിദ്യാഭ്യാസ മന്ത്രിമാർ, കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസ വിദഗ്ധർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ തുടങ്ങിയവർ പങ്കടുക്കുന്നു.

******************

## ക്രിക്കറ്റ്

മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ സമനിലയ്ക്കായി പൊരുതുന്നു. നാലാംദിനം കളി നിർത്തുമ്പോൾ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ 63 ഓവറിൽ രണ്ടുവിക്കറ്റ് നഷ്ടത്തിൽ 174 റൺസെന്ന നിലയിലാണ്. 78 റൺസോടെ ശുഭ്മാൻ ഗില്ലും 87 റൺസോടെ കെ.എൽ. രാഹുലും ക്രീസിലുണ്ട്.

******************

## മലബാർ റിവർ ഫെസ്റ്റിവെൽ

കോടഞ്ചേരിയിൽ നടക്കുന്ന മലബാർ റിവർ ഫെസ്റ്റിവലിന് ഇന്ന് സമാപനം. വിജയികൾക്കുള്ള സമ്മാനദാനം മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. ശക്തമായ മഴ കാരണം

RNU TVPM

ഇന്നത്തെ മത്സരവേദി ഇലന്തു കടവിൽ നിന്നും പുലിക്കയത്തേക്ക് മാറ്റി.

******************

## ഡിസിസി പ്രസിഡൻറ് - എൻ ശക്തൻ

തിരുവനന്തപുരം ഡിസിസി പ്രസിഡൻറിൻറെ താൽക്കാലിക ചുമതല കെപിസിസി വൈസ് പ്രസിഡൻറ് എൻ.ശക്തന് നൽകിയതായി കെപിസിസി പ്രസിഡൻറ് സണ്ണി ജോസഫ് എംഎൽഎ അറിയിച്ചു.

******************

## പള്ളിവാസൽ

സംസ്ഥാനത്തെ ആദ്യത്തെ ജലവൈദ്യുതി ഉത്പാദന കേന്ദ്രമായ പള്ളിവാസൽ ജലവൈദ്യുത പദ്ധതിയുടെ വിപുലീകരണം യാഥാർഥ്യമാകുന്നു. ആദ്യ ഘട്ടത്തിലെ 37.5 മെഗാ വാട്ട് ഉത്പാദനത്തിന് പുറമെയാണ് 60 മെഗാ വാട്ട് ശേഷിയുള്ള പുതിയ ജല വൈദ്യുതി നിലയം പൂർത്തിയായിരിക്കുന്നത്. സ്ഥാപിത ശേഷിയിൽ സംസ്ഥാനത്ത് ഏഴാം സ്ഥാനത്താണ് പള്ളിവാസൽ ജലവൈദ്യുത പദ്ധതി.

*

*********

**************************

PRD TVPM